വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പരാതിയിൻമേൽ നടപടി സ്വീകരിക്കുന്നുണ്ട്.

ഫോറസ്റ്റ് പ്രൊട്ടക്റ്റീവ് സ്റ്റാഫിന്റെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന് ആവശ്യമായ സംരക്ഷണം

*359 [378] ശ്രീ. പി. പി. എസ്തോസ്:
,, എസ്. തങ്കപ്പൻ പിള്ള:
,, എം. കെ. കൃഷ്ണൻ:
,, പി. ആർ. ശിവൻ:
,, ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം കൊള്ള തടയുന്നതിനും വനസമ്പത്തു സംരക്ഷിക്കുന്നതിനും നിയുക്തരായിട്ടുള്ള ഫോറസ്റ്റ് പ്രൊട്ടക്റ്റീവ് സ്റ്റാഫിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനു ആവശ്യമായ സംരക്ഷണം ഗവൺമെൻറ് നൽകണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ആവശ്യങ്ങൾ അംഗീകരിച്ചു നടപ്പിലാക്കാൻ എന്തെങ്കിലും നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് പല സ്ഥലത്തും വനം വെട്ടിത്തെളിക്കൽ നടക്കുന്നതായും ജീവനക്കാർക്ക് രാഷ്ട്രീയ പാർട്ടികളുടെ ഭീഷണി നേരിടേണ്ടി വരുന്നതായും ഉള്ള പരാതികൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി എടുത്തു?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി) ആവശ്യങ്ങൾ പരിശോധിക്കുകയാണ്. അവർക്ക് ആയുധ പരിശീലനം നൽകുന്നതിനുള്ള ഒരു നിർദ്ദേശം പരിഗണനയിലാണ്. പോലീസ് ഉദ്യോഗസ്ഥൻമാരടങ്ങുന്ന ഒരു വനസംരക്ഷണസേനയും രൂപീകരിച്ചിട്ടുണ്ട്.

(സി, ഡി) വനം വെട്ടിത്തെളിച്ചു കയ്യേറുന്നതിനുള്ള നീക്കങ്ങൾ അപ്പഴപ്പോൾ കണ്ടുപിടിച്ച് കയ്യേറിയവരെ ഒഴിപ്പിച്ച് വരുന്നുണ്ട്. 1977 ജനുവരി ഒന്നിനു മുമ്പ് കയ്യേറിയവ ഒഴിപ്പിക്കുന്നതിനെപ്പറ്റി ഒരു പൊതു നയം സ്വീകരിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വനസംരക്ഷണ വിഭാഗക്കാർക്ക് രാഷ്ട്രീയ പാർട്ടികളുടെ ഭീഷണി നേരിടേണ്ടിവന്നതിനെപറ്റി വ്യക്തമായ സൂചനയൊന്നും കിട്ടിയിട്ടില്ല.

കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറെടുത്ത വർക്കുകൾ

*360 [379] ശ്രീ. തോമസ് ജോസഫ്:

,, വി. ജെ. ജോസഫ്:

,, ഈപ്പൻ കണ്ടക്കുടി:

ഡോ. ജോർജ് മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1979-ൽ കൺസ്ട്രക്ഷൻ കോർപ്പറേഷൻ എത്ര വർക്കുകൾ ഏറെടുത്ത് നടത്തുന്നുണ്ടെന്നു കാര്യം വ്യക്തമാക്കുമോ;

(ബി) കൺസ്ട്രക്ഷൻ കോർപ്പറേഷൻ എത്തെല്ലാം വിദേശ രാജ്യങ്ങളിലെ ജോലി ഏറെടുത്തു നടത്തുന്നുണ്ട്?

മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ):

(എ): 75.

(ബി) ലിബിയായിൽ മാത്രം.

വെള്ളപ്പൊക്കംമൂലം കേടുപാടുകൾ സംഭവിച്ചിട്ടുള്ള റോഡുകൾ

*361 [380] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്കംമൂലം കേടുപാടുകൾ സംഭവിച്ചിട്ടുള്ള എത്ര റോഡുകളിലെ പണികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അതിനുവേണ്ടി സംസ്ഥാനത്തൊട്ടാകെ എന്തു തുക ചിലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇനിയും എത്ര റോഡുകൾ കൂടി മാർച്ച് 31 ന് മുമ്പായി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ):

(എ, ബി, സി) ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 281 പണികൾ പൂർത്തിയായിട്ടുണ്ട്. 138.975 ലക്ഷം രൂപ ചെലവായി. 732 വർക്കുകൾ തീർക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

പിന്നോക്ക പ്രദേശങ്ങളിലെ റോഡുകൾ

*362 [381] ശ്രീ. എം. പി. എം. അബ്ദുള്ള കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക പ്രദേശങ്ങളിലെ റോഡുകൾ ഗവൺമെന്റ് ഏറെടുക്കുവാൻ ശ്രദ്ധിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly